All AEO's DEO's

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012
Phone: 0471 - 2341883, 2340323, e-mail: scertkerala@gmail.com

# നിരന്തരവും സമഗ്രവുമായ വിലയിരുത്തൽ (CCE) ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നിർദ്ദേശങ്ങൾ രൂപപ്പെടുത്തുന്നതിനുവേണ്ടിയുള്ള പഠനം 2015 – 2016

കേരളത്തിൽ ഒന്ന് മുതൽ 12 വരെയുള്ള ക്ലാസുകളിൽ CCE നടപ്പിലാക്കിയിരിക്കുകയാണ്. ഇത് സുതാര്യമാകണമെന്നും, കുറ്റമറ്റതാകണമെന്നുമുള്ള അഭിപ്രായങ്ങൾ ഉയർന്നിട്ടുണ്ട്. നിലവിലെ പ്രശ്നങ്ങൾ പരിഹരിച്ച് CCE ശക്തമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ രൂപപ്പെടുത്തുന്നതിന് വേണ്ടി SCERT ഒരു പഠനം നടത്തുകയാണ്. വിദ്യാഭ്യാസ ഓഫീസർമാർ, ഡയറ്റ് പ്രിൻസിപ്പൽ/ഫാക്കൽറ്റി പ്രതിനിധികൾ, എസ്.എസ്.എ/ആർ. എം.എസ്.എ പ്രതിനിധികൾ, അധ്യാപകർ, രക്ഷിതാക്കൾ, കുട്ടികൾ, സംഘടനാ പ്രതിനിധികൾ, കരിക്കുലം കമ്മിറ്റി/കോർ കമ്മിറ്റി പ്രതിനിധികൾ എന്നിവരിൽ നിന്ന് വിവരങ്ങൾ ശേഖരിക്കാൻ ഉദ്ദേശിക്കുന്നു. ഈ അധ്യായനവർഷത്തിൽ തന്നെ പഠനം നടത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

ഇത് സംബന്ധിച്ച് വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

## പഠനത്തിന്റെ ഉദ്ദേശ്യങ്ങൾ

- ഒന്ന് മുതൽ 12 വരെ ക്ലാസ്സുകളിലെ നിരന്തരവും സമഗ്രവുമായ വിലയിരുത്തൽ (CCE) എത്രമാത്രം പ്രായോഗികമായി നടപ്പാക്കിയിട്ടുണ്ടെന്ന് വിശകലനം ചെയ്യുക.
- CCE നടപ്പാക്കിയതിൽ പോരായ്മകൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി പരിഹാരമാർഗങ്ങൾ നിർദ്ദേശിക്കുക.
- പ്രൈമറിതലം മുതൽ ഹയർസെക്കന്ററിതലം വരെയുള്ള നിരന്തരവും സമഗ്രവുമായ വിലയിരുത്തൽ (CCE) ശക്തിപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുക.

## പഠനരീതി

- പഠനത്തിനായി സർവെ രീതിയാണ് ഉപയോഗപ്പെടുത്തുന്നത്.

  1 - 7 വരെ ക്ലാസ്സുകൾ
  8 - 10 വരെ ക്ലാസ്സുകൾ
  11 , 12 ക്ലാസ്സുകൾ എന്നിങ്ങനെയാണ് വിഭാഗങ്ങളുടെ തരംതിരിവ് നടത്തിയിട്ടുള്ളത്.

## സാമ്പിൾ:

| | | | |
|---|---|---|---|
| 1. | അധ്യാപകർ | : | 2100 |
| 2. | രക്ഷകർത്താക്കൾ | : | 280 |
| 3. | സ്കൂൾതലവന്മാർ/എ.ഇ.ഒ/ഡി.ഇ.ഒ/ബി.പി.ഒ | : | 630 |
| 4. | വിദ്യാഭ്യാസ ഓഫീസർമാർ/ ഡയറ്റ് പ്രതിനിധികൾ/ഡി.പി.ഒ മാർ | : | 50 |

5. പാഠപുസ്തക രചയിതാക്കൾ : 100

6. അധ്യാപക സംഘടനാപ്രതിനിധികൾ : 20

7. വിദ്യാർത്ഥികൾ : 1260

**സാമ്പിൾ വിശദാംശങ്ങൾ**

വിവരങ്ങൾ ശേഖരിക്കേണ്ടത് ചുവടെ കൊടുത്തിരിക്കുന്നവരിൽ നിന്നാണ്. പ്രൈമറി, സെക്കന്ററി, ഹയർസെക്കന്ററി എന്നിങ്ങനെ തരംതിരിച്ച് വിവരങ്ങൾ ശേഖരിക്കണം.

1. അധ്യാപകർ (ഒരു റവന്യൂ ജില്ലയിൽ നിന്ന് പ്രൈമറി 50, സെക്കന്ററി 50, ഹയർസെക്കന്ററി 50) (വിവരം ശേഖരിക്കുമ്പോൾ ഗ്രാമം/ പട്ടണം, പുരുഷൻ/ സ്ത്രീ, ഗവ./ എയ്ഡഡ്/ അൺ എയ്ഡഡ് എന്നിവ കണക്കിലെടുക്കണം).
2. രക്ഷിതാക്കൾ (ഓരോ റവന്യൂജില്ലയിൽ നിന്നും 20 പേർ വീതം)
3. കുട്ടികൾ - ഒരു ജില്ലയിൽ നിന്ന് പ്രൈമറി - 30, സെക്കന്ററി - 30 ഹയർസെക്കന്ററി 30.
4. പ്രധാന അധ്യാപകർ/പ്രിൻസിപ്പൽ/AEO, DEO, BPO പ്രതിനിധികൾ (14 ജില്ലയിൽ നിന്ന് ഏകദേശം 14 × 45 = 630)
5. DDE, DIET പ്രിൻസിപ്പൽ/ഫാക്കൽറ്റി പ്രതിനിധികൾ / DPO പ്രതിനിധികൾ - SSA, RMSA പ്രതിനിധികൾ, RDD പ്രതിനിധികൾ (HSS & VHSS) (ആകെ **50**)
6. പാഠപുസ്തക രചയിതാക്കൾ (ആകെ **100**)
7. സംഘടനാ പ്രതിനിധികൾ, കരിക്കുലം കമ്മിറ്റി/കോർ കമ്മിറ്റി പ്രതിനിധികൾ (ആകെ **20**)

**പഠനം നടത്തുന്നതിനാവശ്യമായ ടൂളുകൾ**

1. അധ്യാപകർക്കുള്ള ചോദ്യാവലി
2. DDE, DEO, AEO, DIET പ്രിൻസിപ്പൾ/ഫാക്കൽറ്റി / DPO/BPO - SSA, RMSA പ്രതിനിധികൾ, RDD പ്രതിനിധികൾ (HSS & VHSE) എന്നിവർക്കുള്ള ചോദ്യാവലി
3. രക്ഷിതാക്കളുമായി ഫോക്കസ് ഗ്രൂപ്പ് ചർച്ചയ്ക്കുള്ള സൂചകങ്ങൾ
4. അധ്യാപക സംഘടനാ പ്രതിനിധികൾ/ കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി / കോർ കമ്മിറ്റി പ്രതിനിധികൾക്കുള്ള ചോദ്യാവലി
5. കുട്ടികൾക്കുള്ള ഫോക്കസ് ഗ്രൂപ്പ് ചർച്ചയ്ക്കുള്ള സൂചകങ്ങൾ

**മാർഗ്ഗനിർദ്ദേശങ്ങൾ**

- സമയബന്ധിതമായി പഠനം ഫീൽഡിൽ നിർവ്വഹിക്കേണ്ടതുണ്ട്.
- ഫെബ്രുവരി 9 നകം വിവരശേഖരണം പൂർത്തിയാക്കി എസ്.സി.ഇ.ആർ.ടി യിലേക്ക് അയച്ചു തരേണ്ടതാണ്.
- ടൂളുകൾ എസ്.സി.ഇ.ആർ.ടി. വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. പൊതുജനങ്ങൾക്ക് CCE മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട നിർദ്ദശങ്ങൾ സമർപ്പിക്കുന്നതിന് ccescertkerala@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ ഫെബ്രുവരി 9 നകം അയക്കാവുന്നതാണ്.